(സി) ഡോക്ടർമാരുടെ അഭാവംമൂലം സാധാരണക്കാരായ ഗ്രാമീണ ജനത അനുഭവിക്കുന്ന ദുരിതം പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഒഴിവുകളൊന്നും തന്നെ നിലവിലില്ല.

(ബി) ഇതു സംബന്ധിച്ച് ലഭിച്ച നിവേദനത്തിലെ വിഷയത്തിൽ റിപ്പോർട്ട് ലഭ്യമാക്കുവാൻ തിരുവനന്തപുരം ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് 23-9-2014- ലെ 34325/ എ I/14/ ആ.കു.വ. നമ്പർ കത്തുപ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഉത്തരം (എ)യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

താലൂക്ക് ആശുപത്രികളിൽ കാഷ്വാലിറ്റി സൗകര്യം

45 (4328) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പേരാവൂരിലെ ഉൾപ്പെടെയുള്ള കാഷ്വാലിറ്റി സൗകര്യങ്ങളില്ലാത്ത താലൂക്ക് ആശുപത്രികളിൽ ആയത് ഏർപ്പെടുത്തുമെന്ന് 2013-ലെ ബഡ്ജറ്റ് പ്രഖ്യാപനത്തിൽ സൂചിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് നടപ്പിലാക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം; പ്രഖ്യാപന പ്രകാരം കാഷ്വാലിറ്റി സംവിധാനം സമയബന്ധിതമായി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

കാഷ്വാലിറ്റി സൗകര്യങ്ങളില്ലാത്ത മുപ്പത്തിയൊന്ന് താലൂക്ക് ആശുപത്രികളിൽ ആയത് ഏർപ്പെടുത്തുമെന്ന് 2013- ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ആയത് നടപ്പിലാക്കുന്നതിലേയ്ക്കായി 4 അസിസ്റ്റന്റ് സർജൻ വീതം 31 താലൂക്ക് ആശുപത്രികളിൽ പേരാവൂർ താലൂക്കാശുപത്രി ഉൾപ്പെടെ 124 അസിസ്റ്റന്റ് സർജൻ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ചിരുന്നെങ്കിലും സർക്കാരിന്റെ സാമ്പത്തിക സ്ഥിതി അനുകൂലമല്ലാത്തതിനാൽ അധികജോലിഭാരമില്ലാത്ത ആശുപത്രികളിൽനിന്നും ഡോക്ടർമാരെ പുനർവിന്യസിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയാണുണ്ടായത്. ആരോഗ്യ വകുപ്പ് ഡയറക്ടർ വീണ്ടും ഒരു പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചിരുന്നെങ്കിലും പ്രസ്തുത വിഷയത്തിന് ഒരു സാമ്പത്തിക വർഷത്തേയ്ക്ക് 1,67,60,447.66/- (ഒരു കോടി അറുപത്തി ഏഴു ലക്ഷത്തി അറുപതിനായിരത്തി നാന്നൂറ്റി നാൽപ്പത്തി ഏഴ് രൂപ അറുപത്തി ആറ് പൈസ) രൂപയുടെ അധികബാധ്യത ഉണ്ടാകുമെന്നതിനാൽ പരിഗണിക്കുവാൻ നിർവ്വാഹമില്ലെന്ന് ആരോഗ്യവകുപ്പ് ഡയറക്ടറെ അറിയിക്കുകയും ചെയ്തു. സർക്കാരിന്റെ ധനസ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് മാത്രമേ ഈ വിഷയത്തിൽ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly